# കേരള സർക്കാർ

നം. എസ്.ഡി.2/33/2020/പൊ.ഭ.വ.

പൊതുഭരണ (സർവീസസ്-ഡി) വകുപ്പ്
തിരുവനന്തപുരം, തീയതി,12.08.2020.

## പരിപത്രം

വിഷയം : പൊ.ഭ.വ. - 2020 ആഗസ്റ്റ് 20 സദ്ഭാവനാദിനമായി ആചരിക്കുന്നത് - സംബന്ധിച്ച്.

മുൻ പ്രധാനമന്ത്രി രാജീവ് ഗാന്ധിയുടെ ജന്മദിനമായ ആഗസ്റ്റ് 20 സദ്ഭാവനാദിനമായി എല്ലാ വർഷവും ദേശവ്യാപകമായി ആചരിച്ചുവരുന്നു. അക്രമ മാർഗ്ഗങ്ങൾ വെടിഞ്ഞ് ദേശത്തിന്റെയും ഭാഷയുടെയും മതത്തിന്റെയും പേരിലുള്ള വ്യത്യാസങ്ങൾ മറന്ന് എല്ലാ വിഭാഗം ജനങ്ങളിലും ദേശീയ ഐക്യവും പരസ്പര സ്നേഹവും വളർത്തുന്നതിനുള്ള സന്ദേശം നൽകുന്നതിനാണ് വർഷംതോറും ഈ ദിനം ആചരിച്ചു പോരുന്നത്.

ഈ വർഷവും ആഗസ്റ്റ് 20 ന് സംസ്ഥാനവ്യാപകമായി സദ്ഭാവനാദിനം ആചരിക്കുവാൻ സർക്കാർ തീരുമാനിച്ചിരിക്കുകയാണ്. കോവിഡ് 19 പ്രതിരോധ പ്രവർത്തനങ്ങളുടെ ഭാഗമായി കേന്ദ്ര സർക്കാർ പുറപ്പെടുവിച്ചിട്ടുള്ള മാർഗ്ഗനിർദ്ദേശങ്ങളായ ശരിയായ ശുചിത്വം പാലിക്കൽ, സാമൂഹ്യ അകലം പാലിക്കൽ, മാസ്ക് ധരിക്കൽ തുടങ്ങിയവ പാലിച്ചുകൊണ്ടും പങ്കെടുക്കുന്നവരുടെ എണ്ണം പരിമിതപ്പെടുത്തിക്കൊണ്ടും എല്ലാ ജില്ലാ കളക്ടർമാരും വകുപ്പ് മേധാവികളും പൊതുമേഖലാ സ്ഥാപനങ്ങളുടെ മേധാവികളും തങ്ങളുടെ നിയന്ത്രണത്തിലുള്ള ഓഫീസുകളിൽ ആഗസ്റ്റ് 20 വ്യാഴാഴ്ച രാവിലെ 11 മണിക്ക് സദ്ഭാവനാദിന പ്രതിജ്ഞാ ചടങ്ങ് നടത്തേണ്ടതാണ്. പ്രതിജ്ഞ ചുവടെ ചേർക്കുന്നു.

## പ്രതിജ്ഞ

'സമുദായം, മതം, പ്രദേശം, ഭാഷ തുടങ്ങിയ യാതൊരുവിധ പരിഗണനയും കൂടാതെ ഭാരതത്തിലെ എല്ലാ വിഭാഗം ജനങ്ങളുടേയും ഐക്യത്തിനും സൗഹാർദ്ദത്തിനും വേണ്ടി അർപ്പണ ബോധത്തോടെ പ്രവർത്തിക്കുമെന്ന് ഞാൻ ദൃഢപ്രതിജ്ഞ ചെയ്യുന്നു.

ഒരിക്കലും അക്രമ മാർഗ്ഗം സ്വീകരിക്കില്ലെന്നും എല്ലാത്തരം ഭിന്നതകളും ചർച്ചകളിലൂടെയും ഭരണഘടനാപരമായ മറ്റ് മാർഗ്ഗങ്ങളിലൂടെയും പരിഹരിക്കുമെന്നും ഞാൻ പ്രതിജ്ഞ ചെയ്യുന്നു.'

കെ.ആർ. ജ്യോതിലാൽ
പ്രിൻസിപ്പൽ സെക്രട്ടറി

എല്ലാ വകുപ്പ് മേധാവികൾക്കും
എല്ലാ ജില്ലാ കളക്ടർമാർക്കും
എല്ലാ പൊതു മേഖലാ സ്ഥാപനങ്ങളിലെയും ചീഫ് എക്സിക്യൂട്ടീവ് ഓഫീസർമാർക്കും
മുഖ്യമന്ത്രിയുടെ പ്രൈവറ്റ് സെക്രട്ടറിക്ക്
എല്ലാ മന്ത്രിമാരുടെയും പ്രൈവറ്റ് സെക്രട്ടറിക്ക്
പ്രതിപക്ഷ നേതാവിന്റെ പ്രൈവറ്റ് സെക്രട്ടറിക്ക്

സ്പീക്കറുടെയും ഡെപ്യൂട്ടി സ്പീക്കറുടെയും പ്രൈവറ്റ് സെക്രട്ടറിക്ക്
സെക്രട്ടറി, കേരളാ പബ്ലിക് സർവ്വീസ് കമ്മീഷൻ, തിരുവനന്തപുരം
(ആമുഖ കത്ത് സഹിതം)
രജിസ്ട്രാർ, കേരള ഹൈക്കോടതി, എറണാകുളം (ആമുഖ കത്ത് സഹിതം)
അഡ്വക്കേറ്റ് ജനറൽ, എറണാകുളം (ആമുഖ കത്ത് സഹിതം)
രജിസ്ട്രാർ, കേരള/ കൊച്ചി/ എം. ജി. / കോഴിക്കോട്/ കണ്ണൂർ സർവ്വകലാശാലകൾ
(ആമുഖ കത്ത് സഹിതം)
രജിസ്ട്രാർ, മണ്ണുത്തി കാർഷിക സർവ്വകലാശാല, തൃശ്ശൂർ (ആമുഖ കത്ത് സഹിതം)
രജിസ്ട്രാർ, ശ്രീ ശങ്കര സംസ്കൃത സർവ്വകലാശാല, കാലടി (ആമുഖ കത്ത് സഹിതം)
രജിസ്ട്രാർ, കേരള യൂണിവേഴ്സിറ്റി ഓഫ് ഹെൽത്ത് സർവ്വീസസ്, തൃശ്ശൂർ.
(ആമുഖ കത്ത് സഹിതം)
രജിസ്ട്രാർ, ഡോ. എ.പി.ജെ. അബ്ദുൽ കലാം സാങ്കേതിക സർവ്വകലാശാല,
സി.ഇ.റ്റി. ക്യാമ്പസ്, അമ്പാടി നഗർ, തിരുവനന്തപുരം (ആമുഖ കത്ത് സഹിതം)
രജിസ്ട്രാർ, തുഞ്ചത്ത് എഴുത്തച്ഛൻ മലയാളം സർവ്വകലാശാല, വാക്കാട്, തിരൂർ,
മലപ്പുറം – 676 502 (ആമുഖ കത്ത് സഹിതം)
സെക്രട്ടറി, കേരള നിയമസഭ, തിരുവനന്തപുരം (ആമുഖ കത്ത് സഹിതം)
റസിഡന്റ് കമ്മീഷണർ, കേരള ഹൗസ്, ന്യൂഡൽഹി
ചെയർമാൻ, കെ.എസ്.ഇ.ബി., തിരുവനന്തപുരം.
മാനേജിംഗ് ഡയറക്ടർ, കെ.എസ്.ആർ.റ്റി.സി., തിരുവനന്തപുരം
ചീഫ് സെക്രട്ടറിയുടെ സ്പെഷ്യൽ സെക്രട്ടറിക്ക്
പൊതുഭരണ വകുപ്പ് പ്രിൻസിപ്പൽ സെക്രട്ടറിയുടെ പി.എ. ക്ക്
വിവര പൊതുജന സമ്പർക്ക (വെബ് & ന്യൂ മീഡിയ) വകുപ്പ്
സ്റ്റോക്ക് ഫയൽ / ഓഫീസ് കോപ്പി.

ഉത്തരവിൻ പ്രകാരം

(signature)

സെക്ഷൻ ഓഫീസർ

A5/PDL/20. DT. 14/8/20

പരിപത്രത്തിൽ പറയുന്ന പ്രകാരം ആഗസ്റ്റ് 20 ന് സദ്ഭാവനാദിനമായി ആചരിക്കേണ്ടതും രാവിലെ 11 മണിക്ക് സദ്ഭാവനാദിന പ്രതിജ്ഞാ ചടങ്ങ് നടത്തേണ്ടതുമാണ്.

14/8/2020

14/8/20

14/8/2020